**വിദ്യാഭ്യാസം ▸ ഡോ.രാധാമണി എം.പി**

# മുന്നറിയിപ്പായി ഒരു കൃതി

**കേരളത്തിന്റെ വിദ്യാഭ്യാസചരിത്രവും മധ്യവർഗസ്വാധീനവും വിശദമായി പ്രതിപാദിക്കുന്ന പ്രൊഫ.വി.കാർത്തികേയൻ നായരുടെ പുസ്തകം പതിയിരിക്കുന്ന അപകടക്കെണിയും വ്യക്തമാക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസത്തിനും അതുവഴി ഭരണകൂടത്തിനും നൽകുന്ന മുന്നറിയിപ്പാണ് ഈ കൃതി**

സാമൂഹികശാസ്ത്രപണ്ഡിതനും നൊബേൽ പുരസ്ക്കാരജേതാവുമായ പ്രൊഫ.അമർത്യസെൻ "കേരള വികസനമാതൃക" എന്നു പറഞ്ഞതിന്റെ പൊരുൾ വെളിപ്പെടുത്തുന്ന രചനയാണ് പ്രൊഫ. വി.കാർത്തികേയൻ നായരുടെ "ഭരണകൂടവും വിദ്യാഭ്യാസവും കേരളത്തിന്റെ അനുഭവങ്ങൾ". ആധുനിക കേരളസമൂഹത്തിന്റെ വികാസപരിണാമങ്ങളിൽ, ചാലകശക്തിയായി പ്രവർത്തിച്ച വിദ്യാഭ്യാസമെന്ന അതിശക്തമായ ദർശനത്തിന്റെ പ്രയോഗം, ഭരണകൂടം എങ്ങനെ ഉപയോഗിച്ചുവെന്ന അന്വേഷണമാണ് ഈ പുസ്തകമെന്ന് ആമുഖത്തിൽ തന്നെ ഗ്രന്ഥകർത്താവ് പ്രസ്താവിക്കുന്നു. നാളിതുവരെ രചിക്കപ്പെട്ട വിദ്യാഭ്യാസചരിത്രഗ്രന്ഥങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്ന കൃതിയാണിത്. ഒരു ചരിത്രകാരൻ വിദ്യാഭ്യാസ പ്രവർത്തകനാകുമ്പോൾ സംഭവിക്കുന്ന മാസ്മരികത തുളുമ്പുന്ന കൃതി.




പത്ത് അധ്യായങ്ങളുള്ള പുസ്തകത്തിൽ വിദ്യാഭ്യാസത്തെ ഒരു ദർശനമായി കണ്ടുകൊണ്ട് ആരംഭിക്കുകയും വിദ്യാഭ്യാസവ്യാപനത്തിന്റെ നാൾവഴികളിലൂടെ ഭരണീയരെ മെരുക്കി നിർത്താനുള്ള ഏറ്റവും ശക്തമായ ദാർശനിക ഉപകരണമായി മാറിയതുവരെയുള്ള വളർച്ച സമഗ്രമായി പറയുന്നു. വിദ്യാഭ്യാസത്തിനു വേണ്ടി മാത്രം ഒരു ലഹള ആദ്യമായി പൊട്ടിപ്പുറപ്പെട്ട സംസ്ഥാനമെന്ന ഖ്യാതി കേരളം സ്വായത്തമാക്കിയ വഴികൾ ശാസ്ത്രീയമായി ഗ്രന്ഥകാരൻ വിലയിരുത്തുന്നു. നിരക്ഷരനായ പുലയനേതാവായ അയ്യങ്കാളി നിയമസഭാമന്ദിരത്തെ പ്രകമ്പനംകൊള്ളിച്ചതും വിദ്യാഭ്യാസപരിഷ്കാരങ്ങളുടെ വക്താവായതും ചരിത്രപശ്ചാത്തലം നിരത്തി ഗ്രന്ഥകാരൻ വ്യാഖ്യാനിക്കുന്നു.

ലോകരാജ്യങ്ങളിൽ നടമാടിയ "ചിന്താസ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനം' കൊച്ചു കേരളത്തിലെ പതിനഞ്ചോ പതിനാറോ വയസുള്ള വിദ്യാർഥികളിൽ പരീക്ഷാഫീസിനെതിരെയുള്ള പ്രക്ഷോഭമായി മാറിയ യാദൃച്ഛികത വായനക്കാർക്ക് ചിന്താസ്വാതന്ത്ര്യം നൽകി എഴുത്തുകാരൻ മാറി നിൽക്കുന്നു. വിദ്യാഭ്യാസത്തെ ഗൗരവമായി കണ്ട പഴയ തലമുറയിലെ ചട്ടങ്ങൾ ഗ്രന്ഥകാരൻ പുനർവ്യാഖ്യാനം ചെയ്യുന്നത് ഇന്നത്തെ പരിഷ്കർത്താക്കൾക്ക് ചരിത്രം പറഞ്ഞുകൊടുക്കാനാണ്. സ്കൂൾ പ്രായപരിധിയിലെ കുട്ടികളെ വിദ്യാലയപ്രവേശം നടത്താത്ത രക്ഷകർത്താവിന് രണ്ട് മാസം തടവോ രണ്ടായിരം രൂപ പിഴയോ ശിക്ഷ കിട്ടുന്ന വിധി വിദ്യാഭ്യാസത്തിന്റെ ജനകീയ മുഖമായാണ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്.

കേരളത്തിന്റെ വിദ്യാഭ്യാസചരിത്രവും മധ്യവർഗസ്വാധീനവും വിശദമായി പ്രതിപാദിക്കുന്ന പുസ്തകം അവയിൽ പതിയിരിക്കുന്ന അപകടക്കെണികളെയും വ്യക്തമാക്കുന്നു. ഭരണ നീതിന്യായ വ്യവസ്ഥകളിലും നിയമസഭാ നടപടികളിലും തുടങ്ങി ജീവിതത്തിന്റെ സർവതലങ്ങളിലും ഇന്നും നിലനിൽക്കുന്ന കൊളോണിയൽ സ്വാധീനം കൊളോണിയൽ മനോഭാവത്തിന്റെ ഉൽപ്പന്നമാണെന്ന് പ്രൊഫ.വി.കാർത്തികേയൻ നായർ യുക്തിയുക്തം സമർത്ഥിക്കുന്നു. പ്രഗല്ഭൻമാരായ ഭിഷഗ്വരന്മാരും സാങ്കേതിക വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അധ്യാപകരും, അഭിഭാഷകരും ന്യായാധിപൻമാരും മാത്രമുണ്ടായാൽ പോരാ അവരുടെ സാമൂഹ്യവീക്ഷണവും നിർണായകമാണെന്ന് പറഞ്ഞ് പുസ്തകം അവസാനിപ്പിക്കുന്നു.



പ്രൊഫ.വി.കാർത്തികേയൻ നായർ

കേരളവിദ്യാഭ്യാസത്തിന്റെ ആദി മുതൽ വിശകലനം ചെയ്യുന്ന ഈ പുസ്തകം വിദ്യാഭ്യാസം സമൂഹത്തിൽ വരുത്തിയ മാറ്റവും സമൂഹം വിദ്യാഭ്യാസത്തെ കൈകാര്യം ചെയ്ത രീതിയും മറയില്ലാതെ പറയുന്നു. വിദ്യാഭ്യാസത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയവും ഭംഗ്യന്തരേണ ഗ്രന്ഥകർത്താവ് പരാമർശിക്കുന്നു. കൊളോണിയൽ മനോഭാവം വിട്ടൊഴിയാത്ത വിദ്യാഭ്യാസപരിഷ്കാരങ്ങളും, സാമൂഹ്യബോധമില്ലാത്ത പ്രൊഫഷണലുകളെ സൃഷ്ടിക്കുന്ന വെറും വിദ്യാഭ്യാസ ഫാക്ടറികളും സമൂഹമനസ്സിന്റെ കാമനകളെ കാണാത്ത വിദ്യാഭ്യാസ സ്വപ്നങ്ങളും കേരളസംസ്ഥാനത്തിന്റെ ഭാവി, ആശങ്കകൾ സൃഷ്ടിക്കുന്നതാണെന്ന് ഗ്രന്ഥകാരൻ പറയാതെ പറഞ്ഞു പോകുന്നു. കേരളത്തിന്റെ വിദ്യാഭ്യാസത്തിനും അതുവഴി ഭരണകൂടത്തിനും നൽകുന്ന മുന്നറിയിപ്പാണ് ഈ കൃതി.

**(ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറാണ് പ്രൊഫ.വി.കാർത്തികേയൻ നായർ: 9446587722)**